(സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരാണുള്ളത്?

ഉത്തരം

(എ, ബി) സ്വകാര്യമേഖലയിലുള്ള അലിൻഡ് സിച്ച് ഗിയർ യൂണിറ്റ് 'അലിൻഡി'ന്റെ ഒരു ഡിവിഷൻ മാത്രമാണ്. ഇപ്പോൾ അലിൻഡ് ബി. ഐ. എഫ്. ആർ.-ന്റെ പരിധിക്കുള്ളിൽ വരുന്ന ഒരു സ്ഥാപനമായതുകൊണ്ട് ഈ യൂണിറ്റിനെക്കുറിച്ചുള്ള അന്തിമ തീരുമാനം എടുക്കേണ്ടത് ബി. ഐ. എഫ്. ആർ. ആണ്. എന്നിരുന്നാലും അലിൻഡ് സിച്ച് ഗിയർ ഡിവിഷൻ സഹകരണ സംഘത്തിന് കൈമാറുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാരിനു ലഭിച്ചപ്പോൾ ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും കുറെക്കൂടി പ്രവർത്തനോൻമുഖമായതും 'വയബിൾ' ആയിട്ടുള്ളതുമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് വീണ്ടും ചർച്ച ചെയ്യാനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അടുത്തുതന്നെ ഒരു യോഗം വിളിച്ചുകൂട്ടുന്നതാണ്.

(സി) ഈ സ്ഥാപനത്തിൽ 253 സ്ഥിരം ജോലിക്കാരും 100-ൽപ്പരം മറ്റ് കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുമുണ്ട്.

അങ്കമാലി-ചമ്പന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഏരിയയിലെ നാശോൻമുഖമായ റോഡുകൾ

33 [3438] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള അങ്കമാലി-ചമ്പന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഏരിയായിലെ റോഡുകൾ നാശോൻമുഖമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയത് എന്നേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ റോഡ് സഞ്ചാരയോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly